പതിമൂന്നാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 692 — 29/06/2011-ൽ മറുപടിക്ക്

**പട്ടികവർഗ്ഗക്കാരുടെ നിയമന സംവരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്. ശിവകുമാർ(?) / ശ്രീ. റ്റി.യു. കുരുവിള | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നിയമനത്തിൽ സംവരണ ആനുകൂല്യങ്ങൾ പൂർണ്ണമായി നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; | ഉണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സർക്കാർ നിയമനങ്ങളിൽ നിയമാനുസരണമുള്ള സംവരണം സർക്കാർ നിയമമുണ്ട്. സർക്കാരിന്റെ വിവിധ വകുപ്പുകളിലെ തസ്തികകളിൽ സംവരണ നിരക്ക് പ്രകാരമുള്ള പ്രാതിനിധ്യം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഉണ്ടോയെന്ന് വർഷം തോറും പരിശോധിക്കുന്നതിനും മതിയായ പ്രാതിനിധ്യം ഇല്ലെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി അവ നികത്തുന്നതിനും ഒഴിവുകൾ റിവ്യൂ ചെയ്യുന്നതിനും സർക്കാർ തലത്തിൽ സംവിധാനമുണ്ട്. |
| ബി) സംവരണം കുറ്റമറ്റ നിലയിൽ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ; | വിവിധ വകുപ്പുകളിൽ ആകെയുള്ള തസ്തികകളുടെ 10% പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുണ്ട് (എസ്.സി. - 8%, എസ്.റ്റി. - 2%). ഈ വിധത്തിലുള്ള സംവരണം ഉറപ്പാക്കുന്നതിന് ഓരോ വകുപ്പിലെ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളുടെ എണ്ണവും അവയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യവും വാർഷികമായി അവലോകനം ചെയ്ത് വിലയിരുത്താറുണ്ട്. ഇക്കാര്യത്തിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയും പുറമെ സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ പുരോഗതി പ്രതിമാസ അവലോകനത്തിന് വിധേയമാക്കി ഉറപ്പ് വരുത്താറുമുണ്ട്. |
| സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 25,000/-രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുമെന്ന പ്രഖ്യാപനം എത്രത്തോളം നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ ? | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ പരിവർത്തിത ക്രൈസ്തവജന വിഭാഗങ്ങൾ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും [illegible] വായ്പകളിൽ 25,000/- രൂപ വരെയുള്ളവ എഴുതിത്തള്ളുന്നതിന്, അതിന്മേലുള്ള കുടിശ്ശിക പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് 4.10 കോടി രൂപ സർക്കാർ ഉത്തരവ് (കൈ)നമ്പർ 120/2010/തീയതി 01/12/2010 പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ